# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2485** — **17/8/2017** -ലെ മറുപടി

## കടമക്കുടി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എസ്.ശർമ്മ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കടമക്കുടി ഗ്രാമപഞ്ചായത്തിലെ കുടിവെള്ളവിതരണ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) 31 കോടി രൂപ മുതൽമുടക്കി ജിഡ സഹായത്തോടെയുള്ള കടമക്കുടി ശുദ്ധജല വിതരണ പദ്ധതി 30/5/2014-ൽ കമ്മീഷൻ ചെയ്തു. ഇതുകൂടാതെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുവേണ്ടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 12 കോടി രൂപ മുതൽ മുടക്കിലുള്ള ഒരു പദ്ധതിയുടെ ദർഘാസ് നടപടികൾ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ചിട്ടുണ്ട്. ദർഘാസ് അംഗീകരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ സ്വീകരിച്ചുവരുന്നു. ദർഘാസ് അംഗീകരിച്ചശേഷം പണി ആരംഭിച്ച് 8 മാസം കൊണ്ട് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ

JSK/